"ഭരണഭാഷ മാതൃഭാഷ"

# പുനലൂർ നഗരസഭ

പുനലൂർ, കൊല്ലം ജില്ല   പിൻ–691 305 , GST No: 32AAALP1487C1ZC
ഫോൺ നം. 0475–2222683, 9446519683   ഇ–മെയിൽ– secypnlr@gmail.com
വെബ് സൈറ്റ്– www. punalurmunicipality.lsgkerala.gov.in

പുനലൂർ, 20.07.2026

നമ്പർ. R5–1742442/2026

## അറിയിപ്പ്

പുനലൂർ നഗരസഭവക ചെമ്മന്തൂർ സ്റ്റേഡിയം ഗ്രൗണ്ട് 2026–ലെ ഓണം ഫെസ്റ്റ് നടത്തുന്നതിനായി വിട്ടു നൽകുന്നതിനുള്ള പരസ്യ ലേലം 27.07.2026 രാവിലെ 11 മണിക്ക് നഗരസഭ കാര്യാലയത്തിൽ വെച്ച് നടത്തുന്നതിന് നിശ്ചയിച്ചിരുന്നു. ആയത് അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിക്ക് മാറ്റി വച്ചിട്ടുള്ളതാണെന്ന വിവരം അറിയിക്കുന്നു.

സെക്രട്ടറി

പുനലൂർ നഗരസഭ

MUNICIPAL OFFICE PUNALUR

## 2026-ലെ ഓണം ഫെസ്റ്റ്

## ലേല നോട്ടീസും നിബന്ധനകളും

2026-ലെ ഓണം ഫെസ്റ്റ് പുനലൂർ നഗരസഭ സ്റ്റേഡിയം ഗ്രൗണ്ടിൽ വച്ച് നടത്തുന്നതുമായി ബന്ധപ്പെട്ട് സ്റ്റേഡിയം വിട്ടു നൽകുന്നതിനുള്ള പരസ്യലേലം നഗരസഭ കാര്യാലയത്തിൽ വച്ച് **27.07.2026** പകൽ **11** മണിക്ക് നടത്തുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ പറയും പ്രകാരമുള്ള നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ക്വട്ടേഷൻ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യം നഗരസഭയിൽ ഒടുക്കിയ രസീത് ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

**ലേലം / ക്വട്ടേഷൻ വ്യവസ്ഥകൾ**

1) നിരതദ്രവ്യമായി 2,00,000/- രൂപ നഗരസഭയിൽ കെട്ടിവയ്ക്കേണ്ടതാണ്. ലേലം ലഭിക്കുന്നയാളിന്റെ നിരതദ്രവ്യം നഗരസഭ ഫണ്ടിൽ സൂക്ഷിക്കുന്നതും ഫെസ്റ്റ് കാലാവധി കഴിഞ്ഞ ശേഷം സ്റ്റേഡിയം ഗ്രൗണ്ട് പൂർവ്വ സ്ഥിതിയിലാക്കിയെന്നുള്ള റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നഗരസഭയിൽ നിന്നും തിരികെ നൽകുന്നതുമായിരിക്കും.
2) ഫെസ്റ്റിന്റെ കാലയളവ്, ഫെസ്റ്റിൽ അവതരിപ്പിക്കുന്ന ഇനങ്ങൾ, കലാപരിപാടികൾ ഉൾപ്പെടെയുള്ളവയുടെ വിവരങ്ങൾ, ഗേറ്റ് പാസ്സ് ചാർജ്ജ് എന്നിവ പ്രത്യേകമായി തയ്യാറാക്കിയ സ്റ്റേറ്റ്മെന്റും, 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷയും ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ഹാജരാക്കേണ്ടതാണ്.
3) ലേലം/ക്വട്ടേഷൻ കൗൺസിൽ അംഗീകരിച്ച് സ്ഥിരപ്പെടുത്തി കഴിഞ്ഞാൽ ഉടൻതന്നെ പകുതി തുക നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതും ശേഷിക്കുന്ന തുക ഫെസ്റ്റ് ആരംഭിക്കുന്നതിന്റെ മുമ്പായി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.
4) ഫെസ്റ്റുമായി ബന്ധപ്പെട്ട വിവിധ റൈഡുകളിൽ കർശനമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കപ്പെടേണ്ടതാകയാൽ നടത്തിപ്പുകാർ വിവിധ റൈഡുകളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതും, പി.പി.ആർ ലൈസൻസ്, സ്റ്റെബിലിറ്റി സർട്ടിഫിക്കേറ്റ്, ഫയർ & സേഫ്റ്റി, കെ.എസ്.ഇ.ബി എന്നിവിടങ്ങളിൽ നിന്നും മതിയായ സർട്ടിഫിക്കറ്റുകൾ എടുത്തിരിക്കേണ്ടതും മേൽ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഫെസ്റ്റ് തുടങ്ങുന്നതിനു മുമ്പു തന്നെ നഗരസഭയിൽ ഹാജരാക്കേണ്ടതുമാണ്. കൂടാതെ ഇതു സംബന്ധമായ മറ്റ് സർക്കാർ ഉത്തരവുകളും പാലിക്കണം.
5) ഫെസ്റ്റിനെത്തുന്ന പൊതുജനങ്ങൾക്കായി കുടിവെള്ളം, മറ്റ് സാനിട്ടേഷൻ സൗകര്യങ്ങൾ എന്നിവ ഫെസ്റ്റു നടത്തിപ്പുകാർ സ്വന്തം ചിലവിൽ ഒരുക്കേണ്ടതാണ്.
6) ഫെസ്റ്റിലെ എല്ലാ സ്റ്റാളുകൾക്കും നഗരസഭയിൽ നിന്നും ട്രേഡ് ലൈസൻസ് എടുത്തിരിക്കേണ്ടതാണ്.
7) നഗരസഭാ കൗൺസിലിന് യാതൊരു കാരണവും പറയാതെ ലേലം നിർത്തിവയ്ക്കുന്നതിനോ, ക്വട്ടേഷൻ നിരാകരിക്കുന്നതിനോ ആരുടെയെങ്കിലു ലേലം വിളി നിരസിക്കുന്നതിനോ അവകാശവും അധികാവും ഉണ്ടായിരിക്കുന്നതും, ലേലതുക കുറവാണെന്ന് അധികൃതർക്ക് ബോധ്യമാകുന്ന പക്ഷം പുനർലേലം നടത്തുകയോ, ഓഫറുകൾ ക്ഷണിച്ച് സ്ഥിരപ്പെടുത്തുകയോ ചെയ്യുന്നതുമാണ്.
8) ഫെസ്റ്റുമായി ബന്ധപ്പെട്ട ലേലം/ക്വട്ടേഷൻ നടത്തിപ്പ് സംബന്ധിച്ച് ആർക്കെങ്കിലും തർക്കം ഉണ്ടാകുന്നപക്ഷം ആയത് സംബന്ധിച്ച് നഗരസഭ കൌൺസിൽ തീർപ്പ് കൽപ്പിക്കുന്നതും ടി തീർപ്പിന് ചോദ്യം ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു.
9) ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് നഗരസഭയുമായി യാതൊരുവിധ ബാധ്യതയും ഉണ്ടായിരിക്കുവാൻ പാടില്ലാത്തതും, ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുത്തവർ തിരിച്ചറിയൽ രേഖകൂടി ഹാജരാക്കേണ്ടതുമാണ്.

10) ലേലം/ക്വട്ടേഷൻ തുകയുടെ 18% നിരക്കിൽ ജി.എസ്.റ്റി ഒടുക്കുന്നതിനും ലേലം/ക്വട്ടേഷൻ ലഭിക്കുന്നയാൾ ബാധ്യസ്ഥനാകുന്നു. കൂടാതെ നിയമാനുസൃതമായ വിനോദ നികുതിയും, മറ്റ് നികുതികളും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തേണ്ടതാണ്.

11) ഫെസ്റ്റുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നപക്ഷം അവയ്ക്ക് ഉത്തരവാദി നടത്തിപ്പുകാരൻ മാത്രമായിരിക്കുന്നതും, ഇക്കാര്യത്തിൽ നഗരസഭയ്ക്ക് യാതൊരുവിധ ബാധ്യതയും ഉണ്ടായിരിക്കുന്നതുമല്ല.

12) ലേലം/ ക്വട്ടേഷൻ ലഭിച്ചയാൾ 500/- രൂപ മുദ്രപത്രത്തിൽസ നഗരസഭയുമായി കരാറുടമ്പടി ചമച്ച് ഹാജരാക്കേണ്ടതാണ്അ.

13) ഫെസ്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് നഗരസഭയുടെ സ്ഥാവരജംഗമ വകകൾക്ക് യാതൊരുവിധ കേടുപാടുകളും വരുത്തുവാൻ പാടില്ലാത്തതും അപ്രകാരം വരുത്തിയാൽ കരാറുകാരൻ സ്വന്തം ചിലവിൽ അവ പൂർവ്വസ്ഥിതിയിലാക്കി നൽകേണ്ടതുമാണ്. അതിനുശേഷം മാത്രമേ ഇ.എം.ഡി തുക റിലീസ് ചെയ്ത് നൽകുകയുള്ളൂ.

14) നഗരസഭ സെക്രട്ടറിയോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഏതൊരു ഉദ്യോഗസ്ഥനോ, ഉദ്യോഗസ്ഥർക്കോ ഏതുസമയത്തും അകത്ത് കടന്ന് പരിശോധന നടത്തുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ നഗരസഭ അധികൃതർക്ക് ഓഫീസ് സൗകര്യത്തിനായി ഗ്രൗണ്ടിനുള്ളിൽ പ്രത്യേക സൗകര്യം നൽകേണ്ടതാണ്.

15) ലേലം/ക്വട്ടേഷൻ നിബന്ധനയിൽ അപ്പപ്പോൾ ഏതെങ്കിലും കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിന് നഗരസഭ സെക്രട്ടറിക്കോ കൗൺസിലിനോ അധികാരമുണ്ടായിരിക്കുന്നതാണ്.

16) ഫെസ്റ്റ് പൂർത്തിയായിക്കഴിഞ്ഞ് നഗരസഭയിൽ നിന്നും ബാധ്യതാരഹിതപത്രം കൈപ്പറ്റിയതിന് ശേഷം മാത്രമെ ഫെസ്റ്റിനായി സ്റ്റേഡിയത്തിൽ സ്ഥാപിച്ചിട്ടുള്ള എടുപ്പുകൾ നീക്കം ചെയ്യാൻ പാടുള്ളൂ.

17) ഓണം ഫെസ്റ്റിനായി ആഗസ്റ്റ് 15 മുതൽ ഒരു മാസക്കാലയളവിലേക്ക് സ്റ്റേഡിയം വിട്ടു നൽകുന്നതാണ്. ഗതാഗത തടസ്സം ഉണ്ടാവുന്നതരത്തിലുള്ള പാർക്കിംഗുകൾ ഹൈവേ റോഡിൽ ഉണ്ടാകാൻ പാടില്ലാത്തതാണ്.

18) നഗരസഭാ ഓണം ഫെസ്റ്റ് വേദിയിൽ പൊതുജന താൽപര്യാർത്ഥം പരിപാടികൾ നടത്തുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതും ഓണം ഫെസ്റ്റ് പ്രോഗ്രാം നോട്ടീസ് ഇതിനായി കൗൺസിൽ ആലോചിച്ച് തീരുമാനിക്കേണ്ടതുമാണ്.

19) അമ്യൂസ് മെന്റ് പാർക്ക്, വ്യാപാരമേള എന്നിവിടങ്ങളിലേക്കുള്ള ഫീസ് 50/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാട്ടർ ഫാൾ, അക്വാ ഷോ, 11 D തീയേറ്റർ എന്നീ നൂതന സംവിധാനങ്ങൾ ഒരുക്കുന്നവർക്ക് ലേലത്തിൽ മുൻഗണന നൽകുന്നതാണ്.

20) അപകടങ്ങൾ, മറ്റ് അത്യാഹിതങ്ങൾ ഫെസ്റ്റ് കാലയളവിൽ ഉണ്ടാകുന്ന പക്ഷം ആയത് സംബന്ധിച്ച് ഫെസ്റ്റ് നടത്തിപ്പുകാർ മാത്രം ഉത്തരവാദികളായിരിക്കുന്നതാണ്.

സെക്രട്ടറി
പുനലൂർ നഗരസഭ

MUNICIPAL OFFICE PUNALUR